മെഗാവാട്ട് (406.335 മില്യൻ യൂണിറ്റ്) ന്റെ 8 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 2 എണ്ണം ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുവാൻ സാധിക്കും. ബാക്കി പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ 231.5 മെഗാവാട്ടിന്റെ 5 പദ്ധതികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇതിൽ 163 മെഗാവാട്ടിന്റെ അതിരപ്പിള്ളി പദ്ധതിയും ഉൾപ്പെടുന്നു.

ഊർജ്ജ മേഖലയിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

156 (4219) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത്, വയനാട് ജില്ലയിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വയനാട് ജില്ല യുടെ വൈദ്യുതി മേഖലയിലെ സ്ഥിതി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതും പരിഹരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു മായ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം പരിമിതികളാണ് വയനാട് ജില്ലയിലെ വൈദ്യുതി മേഖലയിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ല യിൽ വിതരണ മേഖലയിൽ 61752 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 12359 ബി.പി.എൽ. കണക്ഷനുകളും 1189 പട്ടികജാതി പട്ടിക വർഗ്ഗ കണക്ഷ നുകളും ഉൾപ്പെടുന്നു. 281.435 കിലോമീറ്റർ 11 കെ.വി. ലൈനും 1253.63 കിലോമീറ്റർ എൽ.റ്റി. ലൈനും പുതുതായി നിർമ്മിച്ചു. 343 ട്രാൻസ്ഫോർ മറുകൾ സ്ഥാപിച്ചു. 34 പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചു. 267 വോൾട്ടേജ് ഇംപ്രൂവ്മെന്റ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവർത്തികളും പൂർത്തീ കരിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 7 പട്ടികജാതി കോളനികൾ വൈദ്യുതീകരിച്ചു. എം.പി. ഫണ്ട് പദ്ധതി അനുസരിച്ച് 14 പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട് പദ്ധതി അനുസരിച്ച് 22 പ്രവർത്തികൾ പൂർത്തീകരിച്ചു. കേരള വികസന പദ്ധതി അനുസരിച്ച് 426 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കൂടാതെ ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട് :

1. 220 കെ.വി. സബ്സ്റ്റേഷൻ, കണിയാമ്പറ്റയിൽ നിന്നുള്ള 11 കെ.വി. കമ്പളക്കാട് ഫീഡറിന്റെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

2. 66 കെ. വി. സബ്സ്റ്റേഷൻ, കൂത്തുമുണ്ടയിൽ നിന്നുള്ള 11 കെ.വി. പഞ്ചമി ഫീഡറിന്റെ നിർമ്മാണം.

3. 66 കെ. വി. സബ്സ്റ്റേഷൻ, സുൽത്താൻ ബത്തേരിയിൽ നിന്നുള്ള 11 കെ.വി. മുത്തങ്ങ ഫീഡറിന്റെ നിർമ്മാണം.

4. 66 കെ. വി. സബ്സ്റ്റേഷൻ, മാനന്തവാടിയിൽ നിന്നുള്ള 11 കെ. വി. പെരിയ, പയ്യമ്പള്ളി ഫീഡറുകളുടെ നിർമ്മാണം.

5. 33 കെ.വി. സബ്സ്റ്റേഷൻ കമ്പളക്കാട്ടയിൽ നിന്നുള്ള 11 കെ. വി. സിവിൽ സ്റ്റേഷൻ ഫീഡറിന്റെ നിർമ്മാണം.

6. കണിയാമ്പറ്റ ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസിന്റെ രൂപീകരണം.

7. കൂടാതെ വയനാട് ജില്ലയിലെ അഞ്ചുകുന്ന് പ്രദേശത്ത് ഒരു 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ വിതരണ മേഖലയിൽ 54160 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 6181 ബി.പി.എൽ. കണക്ഷനുകളും 669 പട്ടികജാതി പട്ടികവർഗ്ഗ കണക്ഷനുകളും ഉൾപ്പെടുന്നു. 128.77 കിലോമീറ്റർ 11 കെ. വി. ലൈനും, 1187.6 കിലോമീറ്റർ എൽ.റ്റി. ലൈനും പുതുതായി നിർമ്മിച്ചു. 133 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 10 പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചു. 50 വോൾട്ടേജ് ഇംപ്രൂവ്മെന്റ് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2 പട്ടികജാതി കോളനികൾ വൈദ്യുതീകരിച്ചു. എം.പി. ഫണ്ട് പദ്ധതി അനുസരിച്ച് 9 പ്രവർത്തികളും, എം.എൽ.എ. ഫണ്ട് പദ്ധതി അനുസരിച്ച് 10 പ്രവർത്തികളും, കേരള വികസന പദ്ധതി അനുസരിച്ച് 380 പ്രവർത്തികളും, പൂർത്തീകരിച്ചു. കൂടാതെ കൽപ്പറ്റ, പുൽപ്പള്ളി, മീനങ്ങാടി, പടിഞ്ഞാറത്തറ എന്നീ 33 കെ. വി. സബ്സ്റ്റേഷനുകളും അതിനോടനുബന്ധിച്ച 60 കിലോമീറ്റർ 33 കെ.വി. ലൈനുകളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ പോസ്റ്റുകൾക്ക് ക്ഷാമം നേരിട്ടിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ സബ് സ്റ്റേഷനുകൾക്കുവേണ്ടി സ്ഥലം ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തുന്നതിലുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിലാക്കിയാൽ ഇതിന് ഒരു പരിധിവരെ പരിഹാരമാകുന്നതാണ്.

ഗാർഹിക ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന മീറ്റർ വാടക

157 (4220) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഗാർഹിക ഉപഭോക്താക്കൾക്ക് പുതിയ കണക്ഷൻ നൽകുമ്പോൾ മീറ്ററിന്റെ വില ഈടാക്കാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തുക ഈടാക്കികഴിഞ്ഞതിനുശേഷവും ഗാർഹിക ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടക ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വാടക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പഴയ മീറ്ററിന് പകരം, പുതിയ മീറ്റർ സ്ഥാപിച്ചുകഴിഞ്ഞതിന് ശേഷം മീറ്റർ വാടക ഈടാക്കുകയും വാടക ഇനത്തിൽ മീറ്ററിന്റെ വിലയും പലിശയും ബോർഡിന് ലഭ്യമായശേഷവും മീറ്റർ വാടക ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താവിന് നൽകുന്ന മീറ്ററിന് എന്ത് വിലയാണ് ബോർഡ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുതി ഗാർഹിക ഉപഭോക്താക്കൾക്ക് പുതിയ കണക്ഷൻ നൽകുമ്പോൾ മീറ്ററിന്റെ വില ഈടാക്കാറില്ല.

(ബി) വൈദ്യുതി ബോർഡ് വൈദ്യുതി കണക്ഷൻ നൽകുന്നതിന് മീറ്ററിന്റെ വില ഈടാക്കാറില്ല.

(സി) ഇലക്ട്രിസിറ്റി നിയമം 2003, ഖണ്ഡിക 45(3)(ബി) പ്രകാരവും ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2005 ഖണ്ഡിക 13(6) പ്രകാരവും മീറ്റർ വാടക വാങ്ങുന്നത് അനുവദനീയമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കുകളാണ് മീറ്റൽ വാടകയിനത്തിൽ ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്. വൈദ്യുതി ബോർഡ് ഉപഭോക്താക്കകളിൽ നിന്നും ഈടാക്കുന്നത് വാടകയാണ്. മറിച്ച് മീറ്ററിന്റെ വിലയുടെ അംശമല്ല. മീറ്ററിന് സ്വമേധയാ തകരാർ സംഭവിച്ചാൽ ബോർഡ് സ്വന്തം ചെലവിൽ മീറ്റർ മാറ്റി സ്ഥാപിക്കാറുണ്ട്. ഉപഭോക്താക്കൾക്ക് സ്വന്തം ചെലവിൽ മീറ്റർ വാങ്ങി സ്ഥാപിക്കുവാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം സ്വന്തം ചെലവിൽ സ്ഥാപിക്കുന്ന മീറ്ററുകൾക്ക് വാടക ഈടാക്കുന്നതല്ല. ആയതിനാൽ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് വാടക ഈടാക്കുന്നത് ഇലക്ട്രിസിറ്റി നിയമം 2003 പ്രകാരമവും, 2005-ലെ ഇലക്ട്രിസിറ്റി സപ്ലൈകോഡ് പ്രകാരവും നിയമവിധേയവും അനുവദനീയവുമാണ്.

(ഡി) വൈദ്യുതി ബോർഡ് സ്ഥാപിച്ചുനൽകുന്ന മീറ്ററുകൾക്ക് ഉപഭോക്താക്കളിൽ നിന്നും മീറ്ററിന്റെ വില ഈടാക്കുന്നില്ല.

ഗാർഹിക ഉപഭോക്താക്കൾക്ക് പ്രീ-പെയ്ഡ് മീറ്റർ സംവിധാനം ഏർപ്പെടുത്താൻ നടപടി

158 (4221) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക ഉപഭോക്താക്കൾക്കും മുൻകൂർ പണം നൽകുന്ന സംവിധാനം ബാധകമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly